**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516</u>** **<u>06-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോട്ടയ്ക്കൽ നഗരസഭ മാർക്കറ്റ് നവീകരണത്തിന് 09.04.2021 ലെ ഉത്തരവ് നം.LSG006-01/APR-1/2020/KIIFB പ്രകാരം 15,23,92,780/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ നടന്നു വരികയാണ്. ഡിസൈൻ റിവ്യൂമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ച Structural Drawings ൽ ചില തിരുത്തലുകൾ വരുത്തി തിരികെ സമർപ്പിക്കാൻ ആവശ്യപ്പെട്ട്, കിഫ്ബി 06.08.2025 ന് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ പദ്ധതി നിർവ്വഹണ ഏജൻസി നടത്തിവരുന്നു. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | ടി പ്രവൃത്തിയ്ക്ക് നിലവിൽ പുതുക്കിയ ധനാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടില്ല. ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തികരിച്ച് PRICE 3 ൽ പുതുക്കിയ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതിയും പദ്ധതി നിർവ്വഹണ ഏജൻസിയുടെ ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും സാങ്കേതികാനുമതിയും വാങ്ങി പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണെന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ